# റൈറ്റ് ടു റീകോൾ ഗ്രൂപ്പ് / RIGHT TO RECALL GROUP (unregistered)

# തിരിച്ചു വിളിക്കുവനുള്ള അവകാശം

# ദാരിദ്ര്യനിർമാർജ്ജനം പോലീസ് സിലെയും കോടതികളിലെ അഴിമതി എന്നിവ എങ്ങനെ ഒരു മൂന്ന് വരി നിയമം കൊണ്ട് ഇല്ലാതാക്കാൻ ആകും

**Google Group : http://groups.google.com/group/RightToRecall?pli=1**
**Facebook- http://www.facebook.com/home.php?sk=group_154461117936671**
**Forum- http://forum.truthsofindia.com**
**Orkut Community : http://www.orkut.com/Community.aspx?cmm=21780619**
**Rajiv Dixit ji on Right to Recall :**

http://www.youtube.com/watch?v=pL-DoRQmcl0

http://www.youtube.com/watch?v=EywTrIr3-Mc

## എന്താണു Citizens Vioce/ ജനതയുടെ ശബ്ദം?(RTI-2) എന്താണു ഒരു ഫോൺ വിളി യുടെ പ്രാധാന്യം?

(RTI-2) Citizens Vioce/ ജനതയുടെ ശബ്ദം എന്ന ഒരു മൂന്ന് വരി നിയമം ഞാൻ നിങ്ങളുടെ മുന്നിൽ വയ്ക്കുന്നു. അതിനു പ്രധാനമന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ ഒരു ഒപ്പിന്റെ മാത്രം ആവശ്യമേ ഉണ്ടാകുന്നുള്ളൂ. അല്ലാതെ നിയമ നിർമാണത്തിന്റെ ആവശ്യം ഉണ്ടാകുന്നില്ല. മൂന്ന് വരി (RTI-2) (Citizens Vioce/ ജനതയുടെ ശബ്ദം) നിയമത്തിന്റെ ഉപയോഗമെന്ത്? ഈ മൂന്ന് വരി നിയമം മൂലം ദാരിദ്ര്യനിർമാർജ്ജനം പോലീസ്സിലെ അഴിമതി കുറയ്ക്കൽ കൂടാതെ കോടതികളിലെയും മറ്റും അഴിമതി സ്വജന പക്ഷപാദം എന്നിവയെ കുറക്കുകയും 4-6 മാസം കൊണ്ട് വിദ്യാഭ്യാസ പുരോഗതി നേടുവാനും എങ്ങനെ സഹായിക്കാം? ഒരു പക്ഷെ അങ്ങനെ ഒരു നിയമം സാദ്ധ്യമാണോ? അങ്ങനെ ഒന്നുഉണ്ടെങ്കിൽ തന്നെ എന്ത് കൊണ്ട് ബുദ്ധിജീവികൾ ആരും തന്നെ അതിനെക്കുറിച്ച് പറയാത്തതെന്തുകൊണ്ടു? ആരും ഇങ്ങനെ ഒരു നിയമവും ആയി മുന്നോട്ടു വന്നില്ല എന്നതുതന്നെ അങ്ങനെ ഒരു നിയമം സാദ്ധ്യമല്ല എന്നതിന് തെളിവല്ലേ?

**1 Citizens Vioce/ ജനതയുടെ ശബ്ദം നിയമം - രൂപരേഖ**

മുന്നോട്ടു വയ്ക്കുന്ന ഈ രൂപരേഖയിൽ ആകെ മൂന്ന് ചട്ടങ്ങളാണ് ഉള്ളത് ശ്രെദ്ധിക്കുക മൂന്നാമത്തേത് പ്രഖ്യാപനം മാത്രമാണു. അതിനാൽ തന്നെ ഈ നിയമത്തിൽ ആകെ രണ്ടു ചട്ടങ്ങളെ ഉള്ളൂ.

| # | ഉദ്യോഗസ്ഥൻ | ചട്ടം |
|---|---|---|
| 1 | കളക്ടർ അല്ലെങ്കിൽ അദ്ധേഹത്തിന്റെ ക്ലാർക്ക് | സമ്മതിദാന അവകാശം ഉള്ള ഒരു സ്ത്രീ, ദളിതൻ, വൃദ്ധൻ, കർഷകൻ, സമ്മതിദാന അവകാശമുള്ള ഏതോരു സാധാരണ പൌരെനും വിവരാവകാശ നിയമ പ്രകാരമുള്ള ഒരു പരാതി/അപേക്ഷ കളക്ടർടെ മുന്നിൽ അല്ലെങ്കിൽ അതിയാനുള്ള ക്ലാർക്ക് ഇന്റെ മുന്നിൽ സമർപ്പിക്കുമ്പോൾ അതിനുള്ള സീരിയൽനമ്പർ നൽകി ആ അപേക്ഷ പ്രധാന മന്ത്രി യുടെ വെബ്സൈറ്റ് ഇല രേഖപ്പെടുത്തണം. ഇതിനു 20/- രൂപ ഈടാകാവുന്നതാണ്. |
| 2 | തഹസീൽദാർ അല്ലെങ്കിൽ അദ്ധേഹത്തിന്റെ ക്ലാർക്ക് | സമ്മതിദാന അവകാശം ഉള്ള ഒരു സ്ത്രീ, ദളിതൻ, വൃദ്ധൻ, കർഷകൻ, സമ്മതിദാന അവകാശമുള്ള ഏതോരു സാധാരണ പൌരെനും ഇലക്ഷൻ തിരിച്ചറിയൽ കാർഡുമായി വന്നു RTI അപേക്ഷയിന്മേൽ യെസ്-നോ എന്ന ചോദ്യത്തിനു ക്ലോസ് 1 പ്രകാരം അപേക്ഷിച്ചാൽ തഹസീൽദാർ 3/- രൂപ അടച്ചു രസീത് കൈപറ്റി പ്രധാനമന്ത്രി യുടെ വെബ്സൈറ്റ് ഇല അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്. തഹസിൽദാർ പൌരൻനു തിരുത്തുവാനുള്ള അവസരവും 3/- രൂപ അടച്ചു രസീത് കൈപറ്റി കൊടുക്കേണ്ടതാണ് BPL കാർഡ് ഉള്ളവരിൽ നിന്ന് ഒരു രൂപ ഈടാക്കിയാൽ മതി. |
| 3 | ------ | ഇതൊരു രേഫെരെണ്ടം തിനുള്ള ഉപാധി ആയിരിക്കുകയില്ല യെസ്-നോ ചോദ്യത്തിനുള്ള ഉത്തരങ്ങൾ പ്രധാനമന്ത്രിക്കോ മുഖ്യമന്ത്രിക്കോ |

| | | |
|---|---|---|
| | | ഉദ്യോഗസ്ഥർക്കോ ജഡ്ജി മാർക്കോ മറ്റും അനുസരിക്കേണ്ടതില്ല 37 കോടി സമ്മതിദായകരായ സ്ത്രീകൾ, ദളിതർ, വൃദ്ധർ, പാവപ്പെട്ടവർ, കർഷകർ അല്ലെങ്കിൽ 37കോടി സാദാരണ ജനങ്ങൾ/പൌരന്മാർ യെസ് എന്ന് രജിസ്റ്റർ ചെയ്താൽപോലും പ്രധാനമന്ത്രിക്ക് അങ്ങനെ ഒരു സത്യവാങ്മൂലത്തിനുമേൽ ഒപ്പിടണം എന്നില്ല. നടപടി എടുക്കുകയോ എടുക്കാതിരിക്കുകയോ പിന്മാരുകയോ മാരതിരിക്കുകയോ ആവാം. പ്രധാനമന്ത്രിയുടെ തീരുമാനം അവസാനത്തേതായിരിക്കും. |

Citizens Vioce/ ജനതയുടെ ശബ്ദം എന്നാ നിയമത്തെ ഞാൻ ഇങ്ങനെ ചുരിക്കിപ്പറയുന്നു

- ഒരു വ്യക്തി ആഗ്രഹിക്കുന്നുവെങ്കിൽ 20/- രൂപക്ക് കളക്ടറുടെആപ്പിസിൽ നിന്ന് RTI അപേക്ഷ പ്രധാനമന്ത്രി യുടെ വെബ്സൈറ്റ്യിൽ ഇടാവുന്നതാണ്.
- RTI അപേക്ഷ പിന്തുണയ്ക്കുന്നുവെങ്കിൽ തഹസിൽദാരുടെ ആപ്പിസിൽ ചെന്നു 3/- രൂപക്ക് പിന്തുണ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- സമ്മതമാണ് എന്ന എണ്ണതിനുമേൽ പ്രധാനമന്ത്രിക്ക് നടപടി എടുക്കുകയോ എടുക്കാതിരി ക്കുകയോ ആവാം.

**2 ഇത്രമാത്രമോ?**

അതെ ഇത്രമാത്രം കൂടുതൽ ഒന്നുമില്ല. എന്നാൽ ചോദ്യം എന്താണെന്നാൽ ഇപ്രകാരമൊരു വെറും മൂന്നു വരി നിയമത്തിനു ദാരിദ്രിയം എന്നാ രൂക്ഷമായ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ ആവും? എങ്ങനെ അത്ര തന്നെ രൂക്ഷംമായ പ്രശ്നങ്ങൾ ആയ പോലീസിലും കോടതിയിലും മറ്റുമുള്ള അഴിമതി ഇല്ലാതാക്കാൻ ആവും എന്നതാണ്.

ഈ 3 വരി നിയമത്തിനു എല്ലാ പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്ൻ. പാശ്ചാത്യ രാജ്യങ്ങളിലും, ഇപ്രകാരമുള്ള നിയമം മൂലം പരിഹരിക്കപ്പെട്ടതിനെ ക്കിരിച്ചു 300 താളുകളുള്ള ഒരു പുസ്തകവും അതിനെക്കുറിച്ചുള്ള ലേഖനങ്ങളും ഞാൻ എഴുതിയിട്ടിണ്ട്. അവ http://www.righttorecall.info/301.pdf. യിൽ ലഭ്യമാണ്. എന്നാൽ ഒരു വായനക്കാരന് IMO മനസിലാക്കുവാൻ വായന മാത്രം മതിയായി എന്നിരിക്കില്ല. ഫോൺ വഴിയില്ല ചർച്ച അനിവാര്യമാണ്.എന്നാൽ ഞാൻ മുന്നോട്ടു വയ്ക്കുന്ന Citizens Vioce/ ജനതയുടെ ശബ്ദം മറ്റു നിയമങ്ങളും ലേഖനങ്ങളിലൂടെയും വിശദീകരിക്കാൻ സാധ്യമാണോ? ഇല്ല. കാരണം ഇതൊരു പുതിയ നിയമവുമായി മുന്നോട്ടു വരുമ്പോൾ അനുവാചകന് അതെക്കുറിച്ച് സംശയമുണ്ടാകുക സ്വാഭാവികമല്ലോ. പപ്രത്യേകിച്ചു സാമൂഹികം കാര്യപ്രാപ്തി എന്നിങ്ങനെയുള്ള കാര്യങ്ങൾ ഉദ്ദാ: തീവ്രവാദം കുറക്കാനുള്ള പോട്ട മുന്നോട്ടു കൊണ്ടുവരുമ്പോൾ അതിനെക്കുറിച്ചുള്ള സംശയങ്ങൾ മറ്റുള്ളവർക്കുണ്ടാവാം "ഇത് അഴിമതി കൂട്ടാൻ ഇടവരില്ലേ?" മുതലായ സംശയങ്ങൾ. ചിലയാളുകൾക്ക് അങ്ങനെ യുള്ള ഒരു നിയമത്തെക്കുറിച്ച് സംശയമുണ്ടാവാം ഇങ്ങനെ ഒരു നിയമം മൂലം തീവ്രവാദം 10% എങ്കിലും കുറയുമോ എന്ന തരത്തിൽ ഉള്ള സംശയം. ഇങ്ങനെ ഉള്ള സംശയങ്ങൾക്ക് പെട്ടന്നുതരം പറയുവാൻ ആവുന്നില്ലെങ്കിൽ വായനക്കാർക്ക് അത് തുടർന്ന് വായിക്കുവാനുള്ള താത്പര്യം നഷ്ടപ്പെട്ടേക്കാം. കണക്കിന്റെ തിയറത്തിനു സൈഡ്-എഫെക്റ്റ്റോ ശക്തിയോ ഉണ്ടാവില്ല. ഉദ്ദാ: ത്രികോണത്തെക്കുറിച്ചുള്ള ഒരു തിയറി 97% അല്ല 100% ശരിയാണ്. മാത്രമല്ല അങ്ങനെ ഒന്ന് വൃത്തത്തിന്റെ ഒരു തിയറത്തെ പ്രതികൂലമായി ബാധിക്കുകയുമില്ല. അതിനാൽ തന്നെ കണക്കിന്റെ തിയറം വായിക്കുന്ന ഒരാൾക്ക് അതിന്റെ ശരി തെറ്റുകളെ സംശയിക്കേണ്ടി വരില്ല. പക്ഷെ മുന്നോട്ട് കൊണ്ടുവരുന്ന ഒരു തിയറത്തിനു സൈഡ്-എഫെക്റ്റ് ഉണ്ടെങ്കിൽ രചനകൾ വായിക്കുന്നത് കൊണ്ട് ഒരു അർത്ഥവുമുണ്ടാവുകയില്ല. നാം എതയോക്കെ തവണ അവ മനസിരുത്തി വായിച്ചാലും കാര്യം ഉണ്ടാവുകയില്ല അതിനാൽ തന്നെ പരസ്പരമുള്ള ചർച്ചകൾ അത്യാപേക്ഷികമായിവരുന്നു അത് ഫേസ്ബുക്ക് ഫോറത്തിലും ഗൂഗിൾ ഗ്രൂപ്പ്ഇലും മുകളിൽ പറഞ്ഞ ലിങ്കുകളിലും ചെയ്യാവുന്നതാണ്.

**3 ഇന്ത്യയിലെ എല്ലാ പൌരൻമാർക്കും ഇന്റർനെറ്റ് ഉണ്ടെങ്കിൽ മാത്രമേ നിയമം പ്രയോജനപ്പെടുത്താൻ കഴിയൂ?**

എനിക്ക് ലഭിക്കുന്ന ഏറ്റവും തെറ്റായാ ചോദ്യം ആണിത്. ഞാൻ ഇതിനെ ഏറ്റവും തെറ്റായ ചോദ്യം എന്ന് പറയുന്നതെന്തെന്നാൽ നിയമം പൗരനും ഇന്റർനെറ്റ് വേണമെന്ന് അനുശാസിക്കുന്നില്ല. ഇന്റർനെറ്റ് ഉണ്ടെങ്കിലും ഇല്ലെങ്കിലും പൌരന് താലുക്ക് ആപ്പിസിൽ പൊയ് യെസ്-നോ പരാതി /സത്യവാങ്മൂലം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അതിനാൽ തന്നെ ഈ നിയമത്തെ ഉപയോഗിക്കാൻ ഇന്റർനെറ്റ് വേണ്ടാതായി വരുന്നില്ല. അതിനാൽ തന്നെ ഒരു വ്യതാസവും ഉണ്ടാവുന്നില്ല. മാത്രമല്ല 18 വയസ്സു കഴിഞ്ഞ ഏതൊരു ഇന്ത്യാക്കാരനും ഈ നിയമം ഉപയോഗിക്കാവുന്നതാണ്. സ്വന്തമായി ഇന്റർനെറ്റ് ഉണ്ടെങ്കിൽ സത്യവാങ്മൂലങ്ങൾ സുഖമായി വായിച്ചു മനസിലാക്കാവുന്നതാണ്. ഇല്ലാത്തവർക്ക് പക്ഷെ ഇന്റർനെറ്റ് ഉള്ള ഒരാളുടെ സഹായം കൂടിയേ തീരൂ.

**4 എങ്ങനെയാണ് Citizens Vioce/ ജനതയുടെ ശബ്ദം മൂന്നു-നാലു മാസത്തിനുള്ളിൽ ദാരിദ്ര്യം ഇല്ലാതാക്കുന്നത്??**

പ്രധാന മന്ത്രി Citizens Vioce/ ജനതയുടെ ശബ്ദം നിയമം പാസ് ആക്കുന്നതിനോപ്പം ഞാൻ ഏകദേശം 200 സത്യവാങ്മൂലങ്ങൾ സമർപ്പിക്കും ആദ്യത്തെ സത്യവാങ്മൂലത്തെ ഞാൻ MRCM (Minaral Royalty for Citizen and Military-ധാതുക്കളുടെ അവകാശം പൌരന്മാർക്കും സെനകൾക്കും) എന്ന് ഞാൻ വിളിക്കുന്നു. MRCM സത്യവാങ്മൂലം ഏഴു പുറങ്ങളിൽ ഉൾക്കൊള്ളിക്കാവുന്ന ഒരു പ്രമേയമാണ്. അതു http://www.righttorecall.info/301.pdf ഇല ലഭ്യമാണ്. നിർദ്ദേശിക്കപ്പെട്ട MRCM നിയമം പൌരന്മാർക്ക് ധാതുക്കളുടെ അവകാശങ്ങളും ഗവണ്മെന്റ് ഓഫ് ഇന്ത്യ-GoI യുടെ സ്ഥല വാടകകളും ലഭിക്കുവാനുള്ള ഒരു ഉദ്യോഗസ്ഥ തല സംവിധാനം നിർദ്ദീഷിക്കുന്നതാണ്. ഉദ്ദേ: ഡിസംബർ 2008 ധാതുക്കളുടെ വരുമാനം ഭൂമിയിന്മേലുള്ള വാടകയുടെ ഇനത്തിൽ 30000 കോടി രൂപ ആയിരുന്നു വരുമാനം. നിർദ്ദേശിക്കപ്പെട്ട ഈ നിയമം വരുകയാണെങ്കിൽ 10000കോടി രൂപ സെനകൾക്കും 20000 കോടി രൂപ സാധാരണ ജനങ്ങൾക്കും വിഭജിച്ചു നൽകേണ്ടതായി വരുന്നു. അതു ഓരോ പൌരന് വേണ്ടിയും അവരുടെ സ്ഥലത്തെ SBI ബാങ്ക് അക്കൗണ്ട് ടിലോ പോസ്റ്റ് ഓഫീസ് ബാങ്ക് അക്കൗണ്ട് യിലോ ലഭിക്കുന്നു. ഓരോ പ്രായപൂർത്തി ആയ പൌരന് മാസം ഒരു തവണ വെച്ച് ഈ തുക പിൻവലിക്കു വാൻ പോകുന്നുവെങ്കിൽ തന്നെ ആകെ 100000 aഅധികം ക്ലാർക്കുകളയെ അധികം വേണ്ടി വരുന്നുള്ളൂ. ഇപ്പോൾ ആകെയുള്ള SBI ജീവനക്കാർ ഏകദേശം 300000 ആണ്. മറ്റു പൊതു മേഖലാ ബാങ്കുകൾ എല്ലാ കൂടി ഏകദേശം 600000 ഉദ്യോഗസ്ഥർ ഉണ്ടാവും.അതിനാൽ തന്നെ MRCM നു മാത്രം വേണ്ടി വരുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അധികം ആകുന്നില്ല.

ഞാൻ വായനക്കാരനോട് ആവശ്യപ്പെടുന്നു ഈ ചോദ്യത്തിന് ഉത്തരം നൽകിയതിനു ശേഷം മാത്രം തുടർന്നു വായിക്കുക.

**ചോദ്യത്തിന് കാരണമായ കാര്യങ്ങൾ**

1 പ്രധാന മന്ത്രിക്ക് Citizens Vioce/ ജനതയുടെ ശബ്ദം നിയമം നിർബ്ബന്ധമായും ഒപ്പിടെണ്ടി വരുന്നു.

2 അങ്ങനെ എന്നാൽ ഞാൻ MRCM സത്യവാങ്മൂലം ഞാൻ പ്രധാന മന്ത്രി യുടെ മുന്നിൽ നിർടെസ്സിക്കുകയും ചെയ്യുന്നു

3 ഇപ്പോൾ മറ്റൊരു ലേഖനത്തിൽ ഞാൻ വിശദ്ദീകരിച്ചത് ഇങ്ങനെ ഒരു നിർദ്ദേശം വെച്ച് കഴിഞ്ഞാൽ കോടികൾ വരുന്ന ജനസംഖ്യയിൽ പത്തു കൊടിയിലധികം ആളുകൾ ഇതേക്കുറിച്ച് അറിയും.

4 72കോടി പ്രായപൂർത്തി ആയ പൌരന്മാർ ഉള്ള ഇന്ത്യയിൽ നമുക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 80% വരുന്ന ആളുകളെ, അതായത് 58കോടി ആളുകളുടെ പിൻതുണ പരിഗണിക്കാവുന്നതാണ്.

<u>**വായനക്കരാനുള്ള എന്റെ ആദ്യ ചോദ്യം.**</u>

55കോടി സമ്മതിദായകരായ ഇന്ത്യൻ പൌരന്മാരിൽ എത്ര പേർ അതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പ്രതിമാസം 200 രൂപ വേണ്ട എന്ന് വയ്ക്കും? അതു സർക്കാരിലേക്ക് പൊയ്ക്കൊള്ളട്ടെ എന്നു ആരു തീരുമാനിക്കും?

ഈ ചോദ്യത്തിനുത്തരം നൽകി മാത്രം തുടർന്ന് വായിക്കുക. എന്റെ ഉത്തരം ഇതാണ്.5% ത്തിൽ താഴെ ആളുകൾ മാത്രമേ തനിക്ക് 200 രൂപ വേണ്ട എന്ന് വയ്ക്കാൻ സാധ്യതയുള്ളൂ അങ്ങനെ എങ്കിൽ 72കോടി പ്രായപൂർത്തി ആയ പൌരന്മാരിൽ 55കോടി യുള്ള താഴെക്കിടയിലുള്ളവർക്ക് ഒരു ചിന്ത ഉണ്ടാവും തനിക്കെന്തു നഷ്ടം വെറും 3രൂപ. ഇരുട്ടിൽ ഒരല്പം വെളിച്ചം. അഥവാ പധാന മന്ത്രി ഇതിൽ ഒപ്പ് ഇടുന്നുവെങ്കിൽതനിക്കൊരുപക്ഷേ 200 രൂപ പ്രതി മാസം വീതം കിട്ടിയേക്കാം.

<u>**വായനക്കരാനുള്ള എന്റെ രണ്ടാമത്തെ ചോദ്യം.**</u>

ഞാൻ MRCM നിയമം ഒപ്പിടില്ല എന്നു പറയുവാനുള്ള ധൈര്യം പ്രധാന മന്ത്രിക്കുണ്ടാവുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? പ്രധാന മന്ത്രി MRCM നിയമം ഒപ്പിടും. 40-50 കോടി ആളുകൾ വേണം എന്ന് പറഞ്ഞ ഒരു നിയമം പാസാക്കാൻ വിസ്സമാതിക്കാൻ പ്രധാനമന്ത്രി ധൈര്യപ്പെടുമോ?

ഉത്തരം നൽകിയതിനു ശേഷം തുടർന്ന് വായിക്കുക. എന്ത് കൊണ്ട്? കാരണം യെസ് എന്നു രജിസ്റ്റർ ചെയ്ത ഓരോ വ്യക്തിക്കും ബോധ്യം ഉണ്ട് 50കോടിയിൽ അധികം വരുന്നവർ ഈ ആവശ്യത്തെ അംഗീകരിക്കുമെന്ന്. അതിനാൽ തന്നെ അവർ പ്രധാനമന്ത്രിക്ക് മുന്നിൽ അവകാശം ഉണ്ട് എന്ന് തോന്നുന്നതിനായിയുള്ളതിനു അവർ മുറവിളി കൂട്ടും. മാത്രമല്ല പ്രധാനമന്ത്രി ഇത് കൂടെ ചിന്തിക്കും സാധാരണക്കാരന്റെ പ്രതികരണങ്ങളും പ്രക്ഷോഭങ്ങളും 15ലക്ഷം പോലീസ്സ്കാരെക്കൊണ്ട് നിയന്ത്രിക്കാൻആവുന്നതായിരിക്കില്ല. അതിനാൽ തന്നെ ഭയം മൂലം പ്രധാനമന്ത്രി അതിനെ അംഗീകരിക്കാതെ ഇരിക്കില്ല.

Citizens Vioce/ ജനതയുടെ ശബ്ദം നിയമമാകുന്ന പക്ഷം 1-2 മാസത്തിനുള്ളിൽ സാടാരനക്കാരന് MRCM നിയമം പാസാക്കിക്കിട്ടുകയും, MRCM നിയമം പാസ്സാക്കി 1-2 മാസത്തിനുള്ളിൽ പൌരന് ധാധുക്കളുടെ മേലുള്ള അവകാശം ലഭിച്ചു തുടങ്ങുകയും ചെയ്യുന്നു. അങ്ങനെ ദാരിദ്ര്യം കുറയ്ക്കുവാൻ കഴിയുന്നു. പിന്നീട് നിർദ്ദേശിക്കപ്പെടുന്ന നികുതി മാറ്റങ്ങളിലൂടെ (tax reforms) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉദ്പാദനംക്കൂട്ടുവാനും സാധിക്കുന്നു. നികുതിമാറ്റങ്ങൾ എല്ലാം http://www.righttorecall.info/301.pdf യിൽ അക്കമിട്ടു കൊടുതുരിക്കുന്നു.

**5 എങ്ങനെ ആണ് Citizens Vioce/ ജനതയുടെ ശബ്ദം നിയമത്തിനു പോലീസ്സിലെ അഴിമതി തടയാൻ കഴിയുന്നത്?**

<u>**വായനക്കരനോടുള്ള എന്റെ മൂന്നാമത്തെ ചോദ്യം.**</u> US(അമേരിക്ക)യിൽ പോലീസ്സിലുള്ള അഴിമതി വളരെ ക്കുറവായിക്കാണപ്പെടുന്നു എന്ത് കൊണ്ട്(മയക്കു മരുന്നുമായി ബന്ധപ്പെട്ട കേസ്സുകൾ ഒഴികെ.)?

അമേരിക്കയിലെ അഴിമതി കുറവാകാനുള്ള ഒരേഒരു കാരണമിതാണ്.അമേരിക്കയിൽ പൌരന്മാർക്കു ഡിസ്ട്രിക്ട് പോലീസ് കമ്മീഷന്റെ(DCP) മാറ്റുവാനുള്ള അവകാശങ്ങളുണ്ട്. അതുകാരണം തന്നെ പോലീസ് കമ്മീഷണർ കൈക്കൂലി വാങ്ങാൻ ഉള്ള സാധ്യത ഉണ്ടാവില്ല.മാത്രമല്ല തന്റെ കീഴ് ഉദ്യോഗസ്ഥരെ അതിൽ നിന്ന് പിന്മാറ്റുകയും ചെയ്യും. തന്റെ കീഴ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നു എന്നറിഞ്ഞാൽ പോലീസ് കമ്മിഷണർ പെട്ടന്ന് തന്നെ രഹസ്യമായ അന്വേഷനവും തെളിവേടുപ്പും നടത്തി(sting operation) ആ തെളിവിന്റെ അടിസ്ഥാനത്തിൽ കീഴ് ഉദ്യോഗസ്തനു മേൽ നടപെടി എടുക്കുകയും ചെയ്യുന്നതാണ്. എന്തെന്നാൽ പോലീസ് കമ്മിഷണർ കീഴ് ഉദ്യോഗസ്ഥരുടെ ഇടയിൽ അഴിമതി കൂടിയാൽ തന്നെ പൌരന്മാർ പുറത്താക്കുമെന്ന് ഭയപ്പെടുന്നു. അമേരിക്കയിലെ പോലീസ്യിൽ മയക്കുമരുന്നുമായി ബന്ധപ്പെട അഴിമതി അധികം ആണ് കാരണം പൊതുവേ അമേരിക്കയിലെ പൌരന്മാർക്ക് മയക്കു മരുന്നിനോട് വിരോധം ഉള്ള ക്കൂട്ടത്തിൽ അല്ല. പക്ഷെ ഇന്ത്യയിൽ പോലീസ് കമ്മിഷണർ നെ പുറത്താക്കാൻ പൌരന്മാർക്ക് ഒരു അധികാരങ്ങളും ഇല്ല. ഇവിടെ മേൽ ഉദ്യോഗസ്ഥർ കൈക്കൂലി മേടിക്കുകയും കീഴ് ഉദ്യോഗസ്ഥരെ അധികം മേടിക്കാൻ ചട്ടം കെട്ടുകയും ചെയ്യുന്നു. ഇവിടെ ഒരു സാധാരണ പോലീസ് കമ്മിഷണർ കൈക്കൂലി മേടിക്കുകയും അതിന്റെ പകുതി (50%) തന്റെ കയ്യിൽ വ്യ്ക്കുകയം ബാക്കി പകുതി MLA ക്കും ആഭ്യന്തര മന്ത്രിക്കും മുഖ്യമന്ത്രിക്കും മറ്റും കൈമാറുകയും ചെയ്യുന്നു. എങ്ങനെ ആണ് വിശാലമായി വായിക്കുന്ന ഒരു ഇന്ത്യാക്കാരൻ അമേരിക്കയിൽ പോലീസ് കമ്മിഷണർരെ മാറ്റാൻ നിയമമുണ്ട് എന്ന് അറിയാതിരിക്കുന്നത്? കാരണം ഇവിടുത്തെ പ്രഗത്ഭരായ ബുദ്ധിജീവികൾ(EII-Eminent Intellectuals of India) അത്, ഇന്ത്യൻ പൌരന്മാർക്ക് പോലീസ് കമ്മിഷണർരെ മാറ്റാനുള്ള അധികാരം ഉണ്ടാവനമെന്നു ആഗ്രെഹിക്കുന്നില്ല.

ഞാൻ ഉണ്ടാക്കിയ കരട് നിയമം മുഖ്യമന്ത്രി ഒപ്പിടുന്ന പക്ഷം സാടാരനക്കാർ ആയ പൌരന്മാർക്ക് പോലീസ് കമ്മിഷണർ രെ മാറ്റുവാനുള്ള അധികാരങ്ങൾ ഉണ്ടാകുന്നു ഞാൻ ഈ കരടിനെ DCP-RP (District Police Commissioner Replacement Procedure/ജില്ലാ പോലീസ് കമ്മിഷണർരെ മാറ്റുവാനുള്ള ചട്ടം) എന്ന് വിളിക്കുന്നു. ഈ കരട് നിലവിലുള്ള ഭരണഘടനയിലെ 33 ഡസെൻ ആർട്ടിക്കിൾസ്സുമായി 100% യോജിക്കുന്നതാണ്. <u>വായനക്കാരാനുള്ള എന്റെ നാലാമത്തെ ചോദ്യം.</u> **ഏതെങ്കിലും മുഖ്യമന്ത്രി** DCP യെ മാറ്റുവാൻ ജനങ്ങൾക്കുള്ള അധികാരത്തിൽ ഒപ്പ് വയ്ക്കുമോ? എന്റെ ഉത്തരം ഇല്ല എന്ന് തന്നെ ആണ്. ജനങ്ങൾക്ക് ഇങ്ങനെ ഒരു അധികാരം കൈവന്നാൽ പോലീസ് കമ്മിഷണർക്ക് താൻ മേടിക്കുന്ന കൈക്കൂലി ഒരു കോടിയിൽ നിന്ന് ഒരു ലക്ഷം ആയി ചുരുക്കേണ്ടി വരും. അതിനാൽ തന്നെ പോലീസ് കമ്മിഷണർക്ക് MLA ക്കും ആഭ്യന്തര മന്ത്രിക്കും മുഖ്യമന്ത്രിക്കും കൊടുക്കുന്ന ഹഫ്ത അമ്പതു ലക്ഷത്തിൽ നിന്ന് അമ്പതിനായിരം ആയി കുറയുന്നു. അതിനാൽ തന്നെ ഇവർ ഇങ്ങനെ ഒരു നിയമത്തെ എതിർക്കുകയും ചെയ്യും.

പക്ഷെ പ്രധാനമന്ത്രി Citizens Vioce/ ജനതയുടെ ശബ്ദം നിയമം പാസ് ആക്കുന്നതോടെ കളി മാറും അങ്ങനെ എങ്കിൽ ഞാൻ കൊടുക്കുന്ന രണ്ടാമത്തെ സത്യവാങ്മൂലം DCP-RP ആയിരിക്കും. പല ആൾക്കാരും ചിന്തിക്കും അഴിമതി 5% ത്തിൽ നിന്ന് 3% ആയി കുറയുന്നു എങ്കിൽ എന്റെ മൂന്നു രൂപാ ലാഭം തന്നെ എന്നു. പിന്നെ മുഖ്യമായും ജനങ്ങൾക്ക് പോലീസ്സിനോടുള്ള പെടിയും അവജ്ഞയും അവർ യെസ് എന്നു രജിസ്റ്റർ ചെയ്യാം കാരണമാകുന്നു. കാരണം അവർ പല മാസങ്ങളിലെ കഠിനാധ്വാനം കൊണ്ടാണ് കുറച്ചു ആയിരങ്ങൾ ഉണ്ടാക്കുന്നത് അപ്പോൾ അധികം ജോലി ചെയ്യാതെ പോലീസ്സുകാർ ലക്ഷങ്ങൾ സമ്പാദിക്കുന്നു. അങ്ങനെ Citizens Vioce / ജനതയുടെ ശബ്ദം നിയമത്തിലെ ക്ലോസ് രണ്ടു പ്രകാരം 70% മുതൽ 80%വരെ യെസ് എന്ന് രജിസ്റ്റർ ചെയ്യും. സർകാർ ഉദ്യോഗസ്ഥർ, പോലീസ് ഓഫീസർ ജഡ്ജ്ജിഎന്നിവരുടെ ഏറ്റവും വലിയ ഭയം ആണ് ജോലി നഷ്ടപ്പെടുമോ എന്നുള്ളതാണ്. അത് തന്നെ അഴിമതി കുറയുവാൻ

കാരണമാവുകയും ചെയ്യും. അങ്ങനെ 14 ദിവസം കൊണ്ടു DCPയെ പുരതാക്കുവാനുള്ള അധികാരം ജനത്തിനു ലഭിക്കും. അങ്ങനെ പോലീസ്സിലെ അഴിമതി 99% കുറയ്ക്കുവാൻ ആവും. അങ്ങനെ 3 മാസം കൊണ്ടു Citizens Vioce/ ജനതയുടെ ശബ്ദം പസ്സക്കപ്പെട്ടാൽ പോലീസ്സിലെ അഴിമതി ഏതാണ്ട് ഇല്ലാതാവും.

പോലീസ് ചീഫ് ഇനെ തിരിച്ചു വിളിക്കാൻ ഉള്ള അവകാശം വെറും തുടക്കം മാത്രമാണ്. പതികെ പതികെ അത് എല്ലാ മേഖലയിലേക്കും വ്യാപിക്കും. അതായതു പ്രധാനമന്ത്രി, മുഖ്യമന്ത്രി, നിയമസഭാ സാമാജികർ, പാർലിമെന്റ് അംഗങ്ങൾ, സുപ്രീം കോടതി ന്യായാധിപൻമാർ, ഹൈ കോടതി ന്യായാധിപൻമാർ, റിസേർവ് ബാങ്ക് ഗവർണർ, തുടങ്ങി 251യിൽ പരം ദേശിയ തല ഉദ്യോഗസ്ഥരെയും പിന്നീട് സംസ്ഥാന ജില്ലാ തലത്തിലേക്കും വ്യാപിക്കും. സാധാരണക്കാർ ഇതു തിരിച്ചു വിളിക്കാനുള്ള അവകാശത്തെ ആണ് എതിർക്കുക? എന്റെഉത്തരം ഒന്ന് പോലും ഇല്ല എന്നാണു.

അങ്ങനെ Citizens Vioce/ ജനതയുടെ ശബ്ദം നിയമം പാസ് അയ്ക്കിയാൽ 6മാസത്തിൻ ഉള്ളിൽ അഴിമതി ഇല്ലാതാവുന്നതാണ്. പ്രധാനമന്ത്രിക്ക് 251യിൽ പരം ഉദ്യോഗസ്ഥരെയും മാറ്റുവാനുള്ള നിയമ നിർമാണം നടതെണ്ടാത്തി വരും.

**രത്നച്ചുരുക്കം**

മൂന്ന് വരി Citizens Vioce/ ജനതയുടെ ശബ്ദം നിയമം എങ്ങനെ ദാരിദ്ര്യം ഇല്ലാതാക്കുകയും പോലീസ്സിലെയും മറ്റും അഴിമതി ഇല്ലാതാക്കും എന്ന് വിശദ്ധികരിച്ചു കഴിഞ്ഞു. താൽപര്യപ്പെടുന്ന വായനക്കാരനെ ഇതു ചർച്ച ചെയ്യുവാനായി ക്ഷണിച്ചുകൊള്ളുന്നു. ഈ നിയമം നിങ്ങൾക്കിഷ്ടപ്പെട്ടു എങ്കിൽ ദയവായി ഈ പെറ്റിഷന് സൈൻ ഇൻ ചെയ്യുക. http://petitionline.com/rti2en